REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 22-04-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് നിർമ്മാണ ശാലയിലുണ്ടായ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 13 ആയി. അഞ്ച് പേരുടെ നില ഗുരുതരം.
- വെടിക്കെട്ട് അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു.
- പശ്ചിമേഷ്യൻ സംഘർഷത്തിൽ വെടിനിർത്തൽ നീട്ടുന്നതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.
- തമിഴ്നാട്ടിൽ 234 നിയമസഭാ മണ്ഡലങ്ങളിലെ വോട്ടർമാർ നാളെ വിധിയെഴുതും. പശ്ചിമബംഗാളിൽ ആദ്യഘട്ട വോട്ടെടുപ്പും നാളെ.
- ജമ്മുകശ്മീരിലെ പഹൽഗാം ഭീകരാക്രമണത്തിന്റെ നടുക്കുന്ന ഓർമ്മയ്ക്ക് ഇന്നേക്ക് ഒരു വർഷം.
- IPL ട്വന്റി- 20 ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ് ഡൽഹി ക്യാപ്പിറ്റൽസിനെ തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ട് നിർമ്മാണ ശാലയിലുണ്ടായ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 13 ആയി. പരിക്കേറ്റ 13 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഇതിൽ അഞ്ച് പേരുടെ നില അതീവ ഗുരുതരമായി തുടരുന്നു. ഇവർക്ക് 70 ശതമാനത്തിലേറെ പൊള്ളലേറ്റിട്ടുണ്ട്. ഒരാൾ വെന്റിലേറ്ററിലാണ്.

തിരുവമ്പാടി വിഭാഗത്തിന്റെ വെടിക്കെട്ട് നിർമാണം പുരോഗമിക്കുന്ന മുണ്ടത്തിക്കോട് പടക്ക നിർമ്മാണ കേന്ദ്രത്തിൽ ഇന്നലെ ഉച്ചകഴിഞ്ഞായിരുന്നു നാടിനെ നടുക്കിയ ദുരന്തമുണ്ടായത്. സ്ഫോടന സമയത്ത് 40 ഓളം തൊഴിലാളികൾ ശാലയിലുണ്ടായിരുന്നു എന്നാണ് റിപ്പോർട്ട്. ആദ്യ സ്ഫോടനത്തിന് പിന്നാലെ രക്ഷാപ്രവർത്തനം നടത്തുന്നതിനിടെയും തുടർ സ്ഫോടനങ്ങളുണ്ടായത് അപകടത്തിന്റെ ആഘാതം വർധിപ്പിച്ചു.

പരിക്കേറ്റവരെ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിലാണ് പ്രവേശിപ്പിച്ചിരിക്കുന്നത്. വെടിക്കെട്ടിന്റെ പ്രധാന ചുമതലക്കാരനും ലൈസൻസിയുമായ സതീശനും സ്ഫോടനത്തിൽ പൊള്ളലേറ്റിട്ടുണ്ട്. തിരുവമ്പാടി വെടിക്കെട്ടിന്റെ ലൈസൻസ് സതീശന്റെ പേരിലായിരുന്നു. പടക്ക നിർമ്മാണ ശാല പൂർണ്ണമായും തകരുകയും സമീപത്തെ കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

✪✪✪

വെടിക്കെട്ടപകടത്തിൽ മരിച്ചവരിൽ രണ്ടുപേരുടെ മൃതദേഹങ്ങൾ വിട്ടുകൊടുക്കാൻ നടപടി സ്വീകരിച്ചതായി മന്ത്രി വീണ ജോർജ് അറിയിച്ചു. 13 പേരുടെയും പോസ്റ്റുമോർട്ടം നടപടികൾ പുരോഗമിക്കുകയാണെന്നും എല്ലാ മൃതദേഹങ്ങളും ശരീര ഭാഗങ്ങളും S.O.P പ്രകാരമാണ് പോസ്റ്റ്മോർട്ടം നടത്തുകയെന്നും വീണ ജോർജ് വ്യക്തമാക്കി.

മൃതദേഹങ്ങളുടെ DNA പരിശോധനയ്ക്കായി സാമ്പിൾ ശേഖരിക്കുന്നതിന് തിരുവനന്തപുരം രാജീവ് ഗാന്ധി സെന്റർ ഫോർ ബിയോടെക്നോളജിയിൽ നിന്ന് ഒരു സംഘം കൂടി തൃശ്ശൂരിൽ എത്തുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

തൃശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടപകടത്തിൽ ഏഴു പേരുടെ പൂർണ മൃതദേഹങ്ങൾ ലഭിച്ചതായി ജില്ലാ കളക്ടർ ശിവ സുരേന്ദ്രൻ അറിയിച്ചു. അതിൽ മൂന്ന് പേരെ തിരിച്ചറിഞ്ഞിട്ടുണ്ട്.

പഴയന്നൂർ, വെണ്ണൂർ പാറക്കുണ്ടിൽ വീട്ടിൽ സുദർശനൻ, പാലക്കാട് കല്ലൂർ, കുമരനെല്ലൂർ മടിപ്പുറത്തു വീട്ടിൽ വാസുദേവൻ, കുണ്ടന്നൂർ പുതുക്കാട്ടിൽ വീട്ടിൽ സുവിൻ എന്നിവരെയാണ് തിരിച്ചറിഞ്ഞത്. സുദർശന്റെയും വാസുദേവന്റെയും മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറി. സുവിന്റെ പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കി.

✪✪✪

വെടിക്കെട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ തത്സമയ വിവരങ്ങൾ ലഭ്യമാകുന്നതിന് വിവിധയിടങ്ങളിൽ കൺട്രോൾ റൂമുകൾ തുറന്നു. ബന്ധപ്പെടേണ്ട നമ്പറുകൾ-

മുണ്ടത്തിക്കോട് വില്ലേജ് ഓഫീസ്: 8547614620

തൃശൂർ താലൂക്ക് ഓഫീസ് : 04884 232226

തൃശ്ശൂർ കലക്ടറേറ്റ് കണ്ട്രോൾ റൂം : 9447074424.

✪✪✪

തൃശ്ശൂരിലെ വെടിക്കെട്ട് പുരയിലെ സ്ഫോടനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. സ്ഫോടനത്തിൽ മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം സഹായധനം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും.

✪✪✪

തൃശൂർ വെടിക്കെട്ട് അപകടത്തിന്റെ കാരണം വ്യക്തമാവേണ്ടത് അനിവാര്യമാണെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. പെട്രോളിയം ആന്റ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ അധികൃതർ ഇന്ന് സംഭവസ്ഥലത്തെത്തുമെന്നും അദ്ദേഹം അറിയിച്ചു.

കൂടുതൽ അന്വേഷണം ആവശ്യമെങ്കിൽ സംസ്ഥാന ഗവണ്മെന്റ് നിർദ്ദേശിച്ചാൽ അത് നടത്തുമെന്നും സുരേഷ് ഗോപി വ്യക്തമാക്കി.

✪✪✪

അതീവ ദുഃഖകരമായ അപകടമാണ് തൃശ്ശൂരിൽ സംഭവിച്ചതെന്നും സംസ്ഥാന ഗവണ്മെന്റ് എല്ലാ രീതിയിലും മികച്ച ഏകോപനമാണ് നടത്തുന്നതെന്നും മന്ത്രി P രാജീവ് പറഞ്ഞു. ശരീരഭാഗങ്ങൾ തിരിച്ചറിയാൻ ശാസ്ത്രീയ DNA പരിശോധന രാവിലെ തന്നെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

✪✪✪

പുറ്റിങ്ങലിന് ശേഷമുണ്ടായ ഏറ്റവും വലിയ ദുരന്തമാണ് തൃശൂരിലേതെന്നും, പരിക്കേറ്റവർക്ക് ധനസഹായം നൽകുന്നതിൽ പെരുമാറ്റ ചട്ടം നോക്കേണ്ട കാര്യമില്ലെന്നും AICC ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ പറഞ്ഞു.

സംസ്ഥാന ഗവണ്മെന്റ് ഉടൻ ധനസഹായം പ്രഖ്യാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

വെടിക്കെട്ട് ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പാലിക്കണമെന്നും, ശാന്തതയോടെ തുടർ തീരുമാനങ്ങൾ എടുക്കണമെന്നും CPIM പോളിറ്റ് ബ്യൂറോ അംഗം A വിജയരാഘവൻ പറഞ്ഞു. വൈകാരികമായല്ല, യാഥാർത്ഥ്യബോധത്തോടെ വേണം കാര്യങ്ങളെ സമീപിക്കാനന്നും തൃശ്ശൂർ മെഡിക്കൽ കോളേജിൽ പരിക്കേറ്റവരെ സന്ദർശിച്ച ശേഷം വിജയരാഘഴൻ മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

തമിഴ്നാട്ടിൽ 234 നിയമസഭാ മണ്ഡലങ്ങളിലെ വോട്ടർമാർ നാളെ വിധിയെഴുതും. സംസ്ഥാനത്ത് അഞ്ച് കോടി 73 ലക്ഷത്തി 43,291 വോട്ടർമാർക്കായി 75,064 പോളിംഗ് സ്റ്റേഷനുകൾ ഒരുക്കിയതായി തമിഴ്നാട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അർച്ചന പട്നായിക് അറിയിച്ചു.

✪✪✪

പശ്ചിമബംഗാൾ നിയമസഭയിലേക്ക് ആദ്യഘട്ട വോട്ടെടുപ്പ് നാളെ. 16 ജില്ലകളിലെ 152 സീറ്റുകളിലേക്കാണ് തിരഞ്ഞെടുപ്പ്. 1,478 സ്ഥാനാർത്ഥികളുടെ രാഷ്ട്രീയവിധിയാണ് നാളെ തീരുമാനിക്കുക. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പിന് എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. മൂവായിരത്തോളം സഹായബൂത്തുകൾ ഉൾപ്പെടെ 44,376 ബൂത്തുകളിലാണ് വോട്ടെടുപ്പ്.

ബൂത്തുകളിൽ നൂറ് ശതമാനം വെബ്കാസ്റ്റിംഗ് നടത്താനും തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. സമാധാനപരമായ വോട്ടെടുപ്പിന് ദ്രുതകർമ്മസേന, ഫ്ലയിംഗ് സ്ക്വാഡുകൾ, CC- TV ക്യാമറകൾ ഉൾപ്പെടെ എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഒരുക്കിയതായും തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ആദ്യഘട്ടത്തിൽ 167 വനിതാസ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിൽ വെടിനിർത്തൽ കാലാവധി ഇന്ന് അവസാനിക്കാനിരിക്കെ വെടിനിർത്തൽ നീട്ടുന്നതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു. പാകിസ്ഥാന്റെ അഭ്യർത്ഥന മാനിച്ചാണ് ഈ നീക്കം നടത്തുന്നതെന്നും, എന്നാൽ US സൈന്യം ഇറാനിയൻ

തുറമുഖങ്ങളുടെ ഉപരോധം തുടരുമെന്നും ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി. ഉപരോധം തുടരാനും മറ്റെല്ലാ കാര്യങ്ങളിലും സജ്ജരും പ്രാപ്തരുമായിരിക്കാനും അമേരിക്കൻ സൈന്യത്തോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും ചർച്ചകൾ അവസാനിക്കുന്നതുവരെ വെടിനിർത്തൽ നീട്ടുമെന്നും ട്രംപ് പ്രഖ്യാപിച്ചു.

ഇറാൻ കൂടുതൽ ചർച്ചകൾക്ക് വിസമ്മതിക്കുകയും വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ് രണ്ടാം ഘട്ട ചർച്ചകൾക്കായി ഇസ്ലാമാബാദിലേക്ക് പോവുന്നത് അമേരിക്ക താത്കാലികമായി റദ്ദാക്കിയതിനും പിന്നാലെയാണ് ഡൊണാൾഡ് ട്രംപ് വെടിനിർത്തൽ നീട്ടിയതായി പ്രഖ്യാപിച്ചത്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷവും, ഹോർമുസ് കടലിടുക്കിലെ തടസ്സങ്ങളും വിദൂര സംഭവങ്ങൾ അല്ലെന്നും ഇന്ത്യയുടെ സുരക്ഷയ്ക്കും സാമ്പത്തിക സ്ഥിരതയ്ക്കും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന യാഥാർത്ഥ്യങ്ങളാണെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. മൂന്ന് ദിവസത്തെ ജർമൻ സന്ദർശനത്തിന്റെ ആദ്യ ദിവസം പ്രതിരോധം-സുരക്ഷ എന്നിവ സംബന്ധിച്ച ജർമ്മൻ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകം ഇന്ന് പുതിയ സുരക്ഷാ ഭീഷണികളെ അഭിമുഖീകരിക്കുകയാണെന്നും സാങ്കേതിക പരിവർത്തനം സാഹചര്യങ്ങളെ വളരെയധികം സങ്കീർണ്ണമാക്കിയെന്നും രാജ്നാഥ് സിങ് പറഞ്ഞു.

ആത്മനിർഭർ ഭാരത് എന്നത് വെറുമൊരു സംഭരണ പരിപാടിയല്ലെന്നും, ഉൽപ്പാദനത്തിലും വികസനത്തിലും നവീകരണത്തിലും സഹകരിക്കാൻ ഒരു ക്ഷണമാണെന്നും രാജ്നാഥ്സിംഗ് വ്യക്തമാക്കി. ഇന്ത്യയുടെയും ജർമ്മനിയുടെയും പ്രതിരോധ വ്യാവസായിക ആവാസവ്യവസ്ഥകൾ തമ്മിൽ മെച്ചപ്പെട്ട സഹകരണത്തിന് അദ്ദേഹം ആഹ്വാനം ചെയ്തു.

✪✪✪

ജമ്മുകശ്മീരിലെ പഹൽഗാം ഭീകരാക്രമണത്തിന്റെ നടുക്കുന്ന ഓർമ്മയ്ക്ക് ഇന്നേക്ക് ഒരു വർഷം. കഴിഞ്ഞ വർഷം ഇതേ ദിവസമാണ് തീവ്രവാദികൾ പഹൽഗാമിൽ നിരപരാധികളായ 26 വിനോദസഞ്ചാരികളെ വെടിവെച്ച് കൊലപ്പെടുത്തിയത്. ക്രൂരമായ ഈ പ്രവൃത്തിയെ ലോകരാജ്യങ്ങൾ അപലപിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

പഹൽഗാം ഭീകരാക്രണത്തെ തുടർന്നാണ് കഴിഞ്ഞ വർഷം മെയ് ആറ്, ഏഴ് തിയതികളിൽ ഇന്ത്യൻ സായുധ സേന ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചത്. നിയന്ത്രണരേഖയ്ക്ക് അപ്പുറത്തും, പാകിസ്ഥാനിലും ഭീകരവാദ അടിസ്ഥാന സൗകര്യങ്ങൾ തകർക്കാൻ ഓപ്പറേഷൻ സിന്ദൂറിന് സാധിച്ചു. സായുധസേനയുടെ ഏകോപിത ആക്രമണങ്ങളിൽ, പാകിസ്ഥാനിലെയും, പാക് അധീന കശ്മീരിലെയും ഭീകര ക്യാമ്പുകൾ തകർന്നു. നൂറിലധികം ഭീകരരെയും, പരിശീലകരെയും, സഹായികളെയും, കൂട്ടാളികളെയും വധിക്കാൻ ഇന്ത്യൻ സേനയ്ക്ക് കഴിഞ്ഞു.

മിക്ക ഭീകരരും ജയ്ഷേ ഇ മുഹമ്മദ്, ലഷ്കർ ഇ ത്വയ്ബ, ഹിസ്ബുൾ മുജാഹിദീൻ തുടങ്ങിയ സംഘടനകളിൽപ്പെട്ടവരായിരുന്നു. ഭീകരർക്കും അവരുടെ ഒളിത്താവളങ്ങൾക്കും കനത്ത നാശനഷ്ടമുണ്ടാക്കാൻ ഓപ്പറേഷൻ സിന്ദൂറിന് സാധിച്ചു. കര- വ്യോമ- നാവിക സേനകളുടെ കൃത്യതയാർന്നതും, ഏകോപിതവുമായ ഇന്ത്യയുടെ സൈനികശേഷി ഓപ്പറേഷൻ സിന്ദൂർ പ്രകടമാക്കി.

✪✪✪

ഇന്ത്യൻ സമുദ്രമേഖലയിലെ സുരക്ഷയും സഹകരണവും ലക്ഷ്യമിട്ട് നാവികസേന കപ്പലായ I N S സുനയന ഇന്തോനേഷ്യൻ തലസ്ഥാനമായ ജക്കാർത്തയിലെത്തി. 'സാഗർ' പദ്ധതിയുടെ ഭാഗമായാണ് കപ്പലിന്റെ വരവ്. നാവികസേനയുടെ നിലവിലെ വിന്യാസത്തിലെ മൂന്നാമത്തെ തുറമുഖ സന്ദർശനമാണിത്. 16 സൗഹൃദ രാജ്യങ്ങളിലെ ബഹുരാഷ്ട്ര ജീവനക്കാരും ഈ ഓഫ്ഷോർ പട്രോൾ വെസലിലുണ്ട്.

ജക്കാർത്തയിലെ സന്ദർശന വേളയിൽ ഇന്തോനേഷ്യൻ നാവികസേനയുമായി പ്രൊഫഷണൽ, സോഷ്യൽ, സ്പോർട്സ് തലങ്ങളിൽ INS സുനയന ആശയവിനിമയം നടത്തും.

✪✪✪

കണ്ണൂർ ജില്ലയിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ഭക്ഷ്യ- പാനീയ വിതരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി. അഞ്ച് കടകൾ അടച്ചുപൂട്ടാൻ നിർദ്ദേശം നൽകി .

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.

.....(വോയ്സ്)..............

✪✪✪

IPL ട്വന്റി- 20 ക്രിക്കറ്റിൽ സൺ റൈസേഴ്സ് ഹൈദരാബാദ് ഡൽഹി ക്യാപ്പിറ്റൽസിനെ 47 റൺസിന് തോൽപ്പിച്ചു. ഇന്നലെ ഹൈദരാബാദിൽ ആദ്യം ബാറ്റ് ചെയ്ത ഹൈദരാബാദ് രണ്ട് വിക്കറ്റ് നഷ്ടത്തിൽ 242 റൺസെടുത്തു. മറുപടി ബാറ്റിംഗിന് ഇറങ്ങിയ ഡൽഹി ക്യാപ്പിറ്റൽസ് നിശ്ചിത ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 195 റൺസെടുത്തു.

ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ് രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും. വൈകീട്ട് 7.30ന് ഉത്തർപ്രദേശിലെ അടൽ ബിഹാരി വാജ്പേയ് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

അഞ്ച് മത്സരങ്ങളടങ്ങിയ വനിതാ ട്വന്റി 20 ക്രിക്കറ്റിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ജൊഹാനസ്ബർഗിലെ വാണ്ടറേഴ്സ് സ്റ്റേഡിയത്തിൽ രാത്രി 9:30-നാണ് മത്സരം.

ആദ്യ രണ്ട് മത്സരങ്ങളും വിജയിച്ച ദക്ഷിണാഫ്രിക്ക നിലവിൽ 2-0 ന് മുന്നിലാണ്.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: സിയാബ് ടി പി, സയ്യിദ് അലി ശിഹാബ്*
*DEO : ഷീബ*